# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 28 — 28.10.2019 ൽ മറുപടിക്ക്

### കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള, ഡൽഹിയിലെ കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br>കേരള സർക്കാരിന്റെ ന്യൂഡൽഹിയിലുള്ള വസ്തുവകകളുടെ സമഗ്രമായ വിനിയോഗത്തിനായി വിശദമായ ഒരു പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി ആർക്കിടെക്റ്റ് / ആർക്കിടെക്റ്റ് കൺസൽട്ടന്റിനെ തെരഞ്ഞെടുക്കാൻ തീരുമാനിക്കുകയും ആയതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ.ഉ.(എം.എസ്) 50/2018/പൊ.ഭ.വ, സ.ഉ.(എം.എസ്) 113/19/പൊ.ഭ.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ഉണ്ടായി. തുടർന്ന് ആർക്കിടെക്റ്റ് / ആർക്കിടെക്റ്റ് കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി ഒരു പ്രീ-ബിഡ് മീറ്റിംഗ് 26.06.2019 ൽ ചേരുകയും ഉണ്ടായി. എന്നാൽ പ്രസ്തുത മീറ്റിംഗിനു ശേഷം ആർക്കിടെക്റ്റ് / ആർക്കിടെക്റ്റ് കൺസൽട്ടന്റുകൾ ആരും തന്നെ ടെണ്ടർ സമർപ്പിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾക്കായി നിലവിലെ മാർഗനിർദ്ദേശങ്ങളിലടക്കം ഭേദഗതികൾ ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) | ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക എത്രയെന്നും ഏത് സ്ഥാപനത്തിനാണ് ടെൻഡർ നൽകിയതെന്നും വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫ്ളാറ്റുകൾ സർക്കാർ ചെലവിൽ വാങ്ങി കേരള ഹൗസ് ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അനുവദിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; എത്ര ഫ്ളാറ്റുകളാണ് ഇപ്രകാരം വാങ്ങുന്നത്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ? | (സി) | റസിഡന്റ് കമ്മീഷണറുടെ വിവിധ ഓഫീസുകളിലെയും ഗസ്റ്റ് ഹൗസ് ജീവനക്കാരേയും താമസിപ്പിക്കുന്നതിനായി ഡൽഹി ഡവലപ്പ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റ് വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ റസിഡന്റ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**